പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2729 **28-10-2026-ൽ മറുപടിയ്ക്ക്**

ഗ്രൗണ്ട് വാട്ടർ മുഖേന തിരുരങ്ങാടി നിയോജക മണ്ഡലത്തിൽ നടഷിലാക്കുന്ന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി .എം. എ. സമീർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിത്തുക, പ്രവൃത്തിയുടെ പേര് എന്നിവ സഹിതം വിശദമാക്കാമോ;

മറുപടി: ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ബി) ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും വിശദവിവരങ്ങൾ, ഉത്തരവുകൾ, മാർഗരേഖകൾ, മാനദണ്ഡങ്ങൾ എന്നിവ സഹിതം ലഭ്യമാക്കാമോ?

മറുപടി: ഭൂജലവകുപ്പ് പ്രധാനമായും പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി, ഭൂജല സംപോഷണ പദ്ധതി, ഇവയുടെ പുനരുദ്ധാരണ പ്രവർത്തികൾ എന്നിവ നടപ്പിലാക്കി വരുന്നു. ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി

ത്രിതല പഞ്ചായത്ത്/ജനപ്രതിനിധികൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി മറ്റു കുടിവെള്ള പദ്ധതികൾ ഒന്നും നിലവിലില്ലാത്തതും കുഴൽക്കിണർ നിർമ്മാണത്തിന് അനുയോജ്യമായതുമായ സ്ഥലങ്ങൾ കണ്ടെത്തി ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് കുഴൽക്കിണർ നിർമ്മിക്കുന്നു. പ്രസ്തുത കുഴൽ കിണറിലെ ജലലഭ്യത അനുസരിച്ച് 25 മുതൽ 100 കുടുംബങ്ങൾക്കു വരെ കുടിവെള്ളം ലഭ്യമാകുന്ന തരത്തിൽ പമ്പ്, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ച് പൈപ്പ് ലൈനിലൂടെ ജലവിതരണം നടത്തുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കിയ ശേഷം തുടർ നടത്തിപ്പിനായി ഗുണഭോക്തൃ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് എന്തെങ്കിലും പുനരുദ്ധാരണം ആവശ്യമായി വരികയാണെങ്കിൽ ആയതും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ചെയ്തു നൽകുന്നതാണ്.

ഭൂജല സംപോഷണ പദ്ധതി

ജലക്ഷാമം അനുഭവപ്പെടുന്ന മേഖലകളിലെ അനുയോജ്യമായ സർക്കാർ സ്ഥാപനങ്ങളിൽ മേൽക്കൂരയിൽ ലഭിക്കുന്ന മഴ ശേഖരിച്ച് റീചാർജ് പിറ്റിലൂടെയോ, ഫിൽറ്റർ മീഡിയയിലൂടെയോ കിണറ്റിലേക്ക് നേരിട്ടോ കടത്തിവിട്ട് ഭൂജല സംപോഷണം നടപ്പിലാക്കി വരുന്നു. കൂടാതെ ചെറിയ തോടുകളിലെ ചെക്ക് ഡാം നിർമ്മാണവും നടത്തിവരുന്നു. കേരളത്തിലെ ക്രിട്ടിക്കൽ ബ്ലോക്കുകളായ കാസർഗോഡ്, മലമ്പുഴ, ചിറ്റൂർ എന്നിവിടങ്ങളിലും സെമി ക്രിട്ടിക്കൽ ബ്ലോക്ക് ആയ കുട്ടപ്പനയിലും താല്പര്യമുള്ള വ്യക്തികൾക്ക് സ്ഥലപരിശോധന നടത്തി അനുയോജ്യമാണെങ്കിൽ 80 ശതമാനം

സബ്സിഡിയോടുകൂടി കുഴൽക്കിണർ റീചാർജ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ എന്തെങ്കിലും പുനരുദ്ധാരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ആയതും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

ഓരോ പദ്ധതിക്കും പ്രത്യേകമായി ഭരണാനുമതിയും, സാങ്കേതികാനുമതിയും, ഫണ്ടിന്റെ ലഭ്യതയും ഡെലിഗേഷൻ ഓഫ് പവറും അനുസരിച്ച് നൽകിയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ